# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 18, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷിനാശത്തിനുള്ള ഇൻഷ്വറൻസ് പദ്ധതി

*271 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം</u>

*272 ശ്രീ. സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ബാധിതപ്രദേശങ്ങളിൽ, ദുരിതബാധിതർക്ക് നൽകേണ്ട സഹായം സംബന്ധിച്ച ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പാക്കേജ് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ശുപാർശ ലഭിച്ചത് എപ്പോഴായിരുന്നു; ശുപാർശ സംബന്ധിച്ച മന്ത്രിസഭാ ഉപസമിതി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എൻഡോസൾഫാൻ കാരണത്താലുണ്ടായ മരണങ്ങളും നാശനഷ്ടങ്ങളും സംബന്ധിച്ച കണക്കുകൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ നേരത്തെ പ്രഖ്യാപിച്ച സഹായം പൂർണ്ണമായും സംസ്ഥാന സർക്കാർ വാങ്ങിയിട്ടുണ്ടോ;

(ഇ) പ്രഖ്യാപിച്ചതെത്ര; ഇതിനകം വാങ്ങിയെടുത്തത് എത്ര; ഇപ്പോഴും വിതരണം ചെയ്തിട്ടില്ലാത്ത തുക എത്ര?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മുനിസിപ്പല്‍ കെട്ടിട നിര്‍മ്മാണ ചട്ടങ്ങളില്‍ ഭേദഗതി</u>

*273 ശ്രീ. പി. തിലോത്തമന്‍
,, വി. എസ്. സുനില്‍കുമാര്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പല്‍ കെട്ടിട നിര്‍മ്മാണ ചട്ടങ്ങളില്‍ ഭേദഗതി വരുത്താന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ എന്തെല്ലാം ഭേദഗതികളാണ് വരുത്താന്‍ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലാശയങ്ങളിലുള്ള ചെറുദ്വീപുകളിലും തുരുത്തുകളിലും കെട്ടിടനിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ക്ക് ഇളവുകള്‍ അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

*274 ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾക്ക് സബ്സിഡി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കുടിവെള്ളത്തിനു വേണ്ടി പൊതുടാപ്പുകൾ സ്ഥാപിക്കേണ്ടതില്ലെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് നൽകാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ എന്തെല്ലാം നിലയിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്;വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കടാശ്വാസകമ്മീഷന്റെ പ്രവർത്തനങ്ങൾ</u>

*275 ശ്രീ. ജെയിംസ് മാത്യു
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടബാധ്യതകളിൽനിന്ന് കർഷകരെ രക്ഷിക്കാൻ മുൻ സർക്കാർ രൂപംകൊടുത്ത കടാശ്വാസകമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ നിശ്ചലമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടാശ്വാസകമ്മീഷൻ മുമ്പാകെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിൽ ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾ നൽകിയ അപേക്ഷകൾ എത്ര;

(സി) കർഷകർക്ക് കടാശ്വാസകമ്മീഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിനായി എത്ര കോടി രൂപ അനുവദിക്കുകയുണ്ടായി?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ സാമ്പത്തിക നിലവാരത്തെക്കുറിച്ച് സാമൂഹ്യക്ഷേമവകുപ്പിന്റെ പഠനം

*276 ശ്രീ. പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളുടെ പേരിൽ ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ സാമ്പത്തിക നിലവാരത്തെക്കുറിച്ചുള്ള താരതമ്യപഠനം സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ, അതിലെ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ;

(ബി) കുറ്റകൃത്യങ്ങളുടെ പേരിൽ പിടിക്കപ്പെടുന്നവരിലും ശിക്ഷിക്കപ്പെടുന്നവരിലും ഒരേ കുറ്റത്തിന് ജയിൽശിക്ഷ ദീർഘകാലം അനുഭവിക്കേണ്ടിവരുന്നവരിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും പാവപ്പെട്ടവരുമാണ് ബഹുഭൂരിപക്ഷവും എന്ന അനൗദ്യോഗിക കണ്ടെത്തലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; അതിന്റെ സാമൂഹ്യ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) സാമൂഹ്യ പുരോഗതിക്കുള്ള ആസൂത്രണപ്രക്രിയയിലും, കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലും ഇത്തരം താരതമ്യപഠനത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇതേക്കുറിച്ച് ഒരു പഠനം നടത്താൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച വിലയിരുത്തൽ</u>

*277 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബാബു എം.പാലിശ്ശേരി
,, ബി. സത്യൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണത്തിൽ വകുപ്പുകളുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് ഏറ്റവും അവസാനം വിലയിരുത്തൽ നടത്തിയതിന്റെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലുമുണ്ടാകേണ്ട ചുരുങ്ങിയ വിനിയോഗ ശതമാനം നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് പാലിക്കപ്പെടുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

<u>സഹസ്ര സരോവർ പദ്ധതി</u>

*278 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ചിറകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് നിലനിർത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണത്തിന് പുതിയ നയസമീപനങ്ങൾ</u>

*279 ശ്രീമതി. കെ. കെ. ലതിക
ശ്രീ. ജി. സുധാകരൻ
'' വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണത്തിന് അനുവർത്തിച്ചുവരുന്ന നയസമീപനങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

(ബി) ഈ രംഗത്ത് സമൂലമായ മാറ്റം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; സമഗ്രമായ എന്തെങ്കിലും പഠനം ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടോ;

(സി) ഭൂവിസ്തൃതി ഏറ്റവും കുറഞ്ഞ നഗരങ്ങളിലാണ് ഏറെപ്പേരും അധിവസിക്കുന്നതെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ക്ഷീരധാര പദ്ധതി</u>

*280 ശ്രീ. അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരധാര പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശം അറിയിക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി നൽകിവരുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കൂടുതൽ വിളക്കുകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം</u>

*281 ശ്രീ. വി. ശശി
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനം അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ഏതൊക്കെ വിളകൾക്കുകൂടി പുതുതായി ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കാർഷിക സബ്സിഡികൾ</u>

T *282 ശ്രീ. സി.കെ. സദാശിവൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ.കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സബ്സിഡികൾ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സബ്സിഡി നൽകുന്നതിനുള്ള ബാങ്കുകളുടെ കൂട്ടത്തിൽ സഹകരണ ബാങ്കുകളെ കൂടി ഉൾപ്പെടുത്തുമെന്ന മന്ത്രിയുടെ ഉറപ്പിന് ശേഷവും ഇക്കാര്യത്തിൽ സഹകരണ ബാങ്കുകളോട് വിവേചനം കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സഹകരണ ബാങ്ക് മുഖേന സബ്സിഡി ലഭ്യമാക്കുന്നതിന് അക്കൗണ്ട് തുടങ്ങുന്നത് ഉൾപ്പെടെയുള്ള നടപടികൾ കൃഷിക്കാർ ആരംഭിച്ചതിനു ശേഷം സർക്കാർ ഇത്തരത്തിൽ നടപടി സ്വീകരിച്ചതു മൂലം കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ട് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ക്ഷീരമേഖലയിലെ പ്രതിസന്ധി</u>

*283 ശ്രീ. ഇ. കെ. വിജയൻ
,, സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർ കൂട്ടത്തോടെ വളർത്തുമൃഗങ്ങളെ വിൽക്കുന്നത് ക്ഷീരമേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലിത്തീറ്റ, പിണ്ണാക്ക്, വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ അമിതവിലവർദ്ധനവും, പാലിനു ന്യായമായ വില ലഭിക്കാത്തതും ക്ഷീരകർഷകരെ തൊഴിൽ ഉപേക്ഷിക്കുന്നതിനു പ്രേരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ പ്രതിസന്ധിയിൽ നിന്നും ക്ഷീരകർഷകരെ രക്ഷിച്ച് ക്ഷീരമേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിന് എന്തു നടപടികളാണു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാര്‍ യോജന</u>

*284 ശ്രീ. കെ. മുരളീധരന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, സണ്ണി ജോസഫ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'സ്വര്‍ണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാര്‍ യോജന'യുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും സ്വാശ്രയ സംവിധാനം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത സംവിധാനത്തിലൂടെ എന്തെല്ലാം വിപണന സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>നഗരമാലിന്യം മൂലമുള്ള ജലമലിനീകരണം</u>

*285 ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവത്കരണം മൂലമുള്ള മാലിന്യവും മലിനജലവും, സംസ്ഥാനത്തെ ജലസ്രോതസ്സുകൾക്കുണ്ടാക്കുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ വികസിച്ചുവരുന്ന നഗരങ്ങളിൽ നിന്നുള്ള മലിനജലം മൂലം ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

(ഡി) ഓരോ നഗരവികസന പദ്ധതികളിലും മലിനജല ട്രീറ്റ്മെന്റിന് പ്രത്യേകം പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പൊക്കാളി, കോൾ പാടങ്ങളെ പൈതൃക ഗ്രാമപട്ടികയിൽ ഉൾപ്പെടുത്തണമെന്ന ശുപാർശ</u>

T *286 ശ്രീമതി. ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
'' പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊക്കാളി, കോൾ പാടങ്ങളെ പൈതൃക ഗ്രാമപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ഇതു സംബന്ധിച്ച സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ മറ്റ് പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പൊക്കാളി, കോൾ പാടങ്ങളുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് മൊത്തമുണ്ടായിരുന്ന ഇത്തരം പാടങ്ങൾ എത്രയായിരുന്നു; ഇപ്പോൾ എത്ര ഹെക്ടർ പാടങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി</u>

*287 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി രജിസ്റ്റർ ചെയ്യണമെന്നുള്ള ഗവൺമെന്റ് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത് ; ആയതിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകൾ തങ്ങളുടെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തി;

(ബി) ഇപ്രകാരം ആസ്തി രജിസ്റ്റർ ചെയ്യുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) മുൻപ് പഞ്ചായത്തുകൾക്ക് ആസ്തി സംരക്ഷണത്തിനായി ഫണ്ട് അനുവദിച്ചിരുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ; ഇപ്പോൾ എപ്രകാരമാണ് വിശദാംശങ്ങൾ നല്കാമോ ;

(ഡി) പഞ്ചായത്ത് ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം ഇതിനോടകം സാധ്യമായിട്ടുണ്ടോ ; ഇക്കാര്യത്തിൽ എത്ര ശതമാനം വിജയം വരിച്ചു; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കർഷക രജിസ്ട്രേഷൻ</u>

*288 ശ്രീ. കെ.വി. വിജയദാസ്
,, എസ്. ശർമ്മ
,, കെ. സുരേഷ് കുറുപ്പ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ കർഷകർ പേര് രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി കാലപരിധി വെച്ചിട്ടുണ്ടോ;

(ബി) സർക്കാർ തീരുമാനം സംസ്ഥാനത്തെ എല്ലാ കൃഷിക്കാരും അറിഞ്ഞിട്ടുണ്ടോ; രജിസ്ട്രേഷൻ നടത്താനുളള എത്ര ഫോറങ്ങൾ പ്രിന്റുചെയ്തു വിതരണം ചെയ്യുകയുണ്ടായി; ഇതേവരെയുളള രജിസ്ട്രേഷൻ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കാലപരിധി എടുത്തുകളഞ്ഞുകൊണ്ട് എല്ലാ കൃഷിക്കാർക്കും രജിസ്ട്രേഷൻ നടത്താൻ അവസരം നൽകുമോ;

(ഡി) രജിസ്ട്രേഷൻ നടത്തുന്ന കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തൽ</u>

*289 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നോർക്ക റൂട്ട്സ് ഇപ്പോൾ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തുന്നത്, വിശദമാക്കുമോ;

(സി) സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ജില്ലാ ആസ്ഥാനങ്ങളിലേക്ക് വ്യാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ട്, വിശദമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി</u>

*290 ശ്രീ. പി.എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) മേൽനോട്ട സമിതി ഏതെല്ലാം കാര്യങ്ങളിലാണ് വിലയിരുത്തലുകളും, പിന്തുണയും മാർഗ്ഗ നിർദ്ദേശവും നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ടെക്നോളജി റിസോഴ്സ് സെന്റർ</u>

*291 ശ്രീ. ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ടെക്നോളജി റിസോഴ്സ് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി, ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കുന്നത്?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>നഗരവികസന പദ്ധതികൾ</u>

*292 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിന് പൊതു സ്വകാര്യ പങ്കാളിത്തത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ;

(ഡി) വിദേശ മലയാളികളുടെ നിക്ഷേപം എത്രത്തോളം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വികസന അജണ്ടയിലെ സ്വയം നിർണ്ണയ അധികാരം</u>

*293 ശ്രീ. വി.റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ വികസന മേഖലയിലെ പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വയം തീരുമാനിക്കുന്നതിന് പൂർണ്ണാധികാരം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം:

(സി) പദ്ധതികളുടെ നിർവ്വഹണത്തിൽ ഈ സംവിധാനം എത്രമാത്രം വിജയവും പ്രയോജനകരവുമാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങസംഭരണം</u>

*294 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങസംഭരണനടപടികൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ;

(ബി) പച്ചത്തേങ്ങയ്ക്കു താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര രൂപ;

(സി) ഈ താങ്ങുവില കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വികലാംഗർക്കുള്ള പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ</u>

*295 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കുള്ള പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ നടത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ഏതെല്ലാം;

(സി) എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് അദാലത്തുകളിൽ കൂടി ഇവർക്ക് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) എവിടെയൊക്കെയാണ് അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

*296 ശ്രീ. കെ.എം.ഷാജി
,, എം.പി.അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, എൻ.എ.നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ ദിനംപ്രതി വളർന്നുവരുന്ന കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീപീഡനങ്ങൾ, എന്നിവയ്ക്ക് മദ്യപാനവു മായുള്ള ബന്ധം സംബന്ധിച്ച് സാമൂഹ്യക്ഷേമവകുപ്പ് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സാമൂഹ്യമായ ധാർമ്മികച്യുതിയും, കുട്ടികളിൽ വളർന്നു വരുന്ന മാനസികവൈകല്യങ്ങളും കുറ്റകൃത്യങ്ങളിൽ എത്തുന്നതു തടയാൻ എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(സി) ഇത്തരം ദുഷ്പ്രവണതകൾ തടയുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ദുർഗ്ഗുണ പരിഹാര പ്രവർത്തനങ്ങളും, മാനസികാവബോധം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

കാര്‍ഷിക നയം

*297 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, എ. റ്റി. ജോര്‍ജ്
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ കാര്‍ഷിക നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) കൃഷിക്കാരുടേയും കര്‍ഷകന്റേയും സംരക്ഷണം ഉറപ്പാക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് നയത്തില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) കേന്ദ്ര സര്‍ക്കാരിന്റേയും മറ്റ് സംസ്ഥാനങ്ങളുടേയും വിജയ മാതൃകകള്‍ നയത്തില്‍ ഉള്‍ക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികള്‍</u>

*298 ശ്രീ. കെ.കെ. ജയചന്ദ്രന്‍
,, പി.കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികള്‍ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികളുടെ 2012-13 വര്‍ഷത്തെ പ്രവര്‍ത്തനത്തെ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) പ്രസ്തുത പദ്ധതികള്‍ നടപ്പാക്കുന്നതിലൂടെ എന്ത് ഭൗതികനേട്ടം കൈവരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതില്‍ എത്ര ലക്ഷ്യം കണ്ടു;

(ഡി) ബ്ലോക്ക് തലത്തില്‍ പ്രസ്തുത പദ്ധതികള്‍ നടപ്പാക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് വന്നിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഒരു വീട്ടിൽ ഒരു ഫലവൃക്ഷം</u>

*299 ശ്രീ. സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഒരു വീട്ടിൽ ഒരു ഫലവൃക്ഷം' എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പു നടപ്പാക്കിയിട്ടുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതു വിധത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കുന്നവർക്ക്
പ്രോപ്പർട്ടി ടാക്സിൽ ഇളവ്</u>

*300 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യം ഉറവിടത്തിൽത്തന്നെ കാര്യക്ഷമമായി സംസ്ക്കരിക്കുന്ന വീടുകൾക്കും ഇതര സ്ഥാപനങ്ങൾക്കും പ്രോപ്പർട്ടി ടാക്സിൽ ഇളവ് നല്കുന്ന കാര്യം ഏതെങ്കിലും നഗരസഭ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ; വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പ്രഖ്യാപനം ഉണ്ടായിട്ടുണ്ടോ;

(സി) മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് പ്രചോദനം നല്കുന്നതിനായി, മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള വീടുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും പത്തു ശതമാനം നികുതി ഇളവു നല്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 9

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.